## മൂന്ന് മടങ്ങായ ക്രിസ്തീയ ജീവിതം

**I. ശരിയായ ക്രിസ്തീയ ജീവിതം മൂന്ന് മടങ്ങാണ്; അതിൽ നല്ല പോർ പൊരുതുന്നതും, ഓട്ടം തികയ്ക്കുന്നതും, വിശ്വാസം കാക്കുന്നതും ഉൾപ്പെടുന്നു**

2 തിമോ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു

## നല്ല പോർ പൊരുതുക

**II. "ഞാൻ നല്ല പോർ പൊരുതി"—വാ. 7a**

- **വിശ്വാസികൾ നല്ല പോർ പൊരുതുക എന്നത് അപ്പൊസ്തലന്റെ ആജ്ഞ ആണ്**
  - അനുലോമപരമായി ദൈവത്തിന്റെ വ്യവസ്ഥയ്ക്കു വേണ്ടിയും, പ്രതിലോമപരമായി വ്യത്യസ്തമായ പഠിപ്പിക്കലുകൾക്ക് എതിരേയും പോരാടണം
- **നല്ലപോർ പൊരുതുക എന്നത് ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ പോരാടുകയും ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതിലൂടെ ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുകയും ചെയ്യുക എന്നാണ്**
- **വിശ്വാസത്തിന്റെ [വസ്തുനിഷ്ഠം] നല്ല പോർ നാം പൊരുതണം**
  - വിശ്വാസത്തിനുവേണ്ടി പോരാടുക എന്നത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കുവേണ്ടി — അതായത് ക്രിസ്തുവിനും സഭയ്ക്കും വേണ്ടി പോരാടുന്നതാണ്
  - അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പോരാടുന്നതാണ്
- **നിത്യജീവനെ മുറുകെപ്പിടിച്ചുക്കൊണ്ട് [വ്യക്തിനിഷ്ഠം] നല്ല പോർ നാം പൊരുതണം**
  - നിത്യജീവൻ നമുക്കു ജീവനായിരിക്കുന്ന പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവമാണ്.
  - ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന്, ഈ ദിവ്യജീവനെ മുറുകെപ്പിടിക്കുകയും നമ്മുടെ മനുഷ്യജീവിതത്തിൽ ആശ്രയിക്കാതിരിക്കുകയും വേണം
  - നാം വ്യക്തിനിഷ്ഠമായി നിത്യജീവനെ മുറുകെപ്പിടിക്കണം
  - ശത്രുവിന്റെ കൗശലം വിശ്വാസികളെ നിത്യജീവനിൽനിന്നും അകറ്റുക എന്നതാണ്.
  - നിത്യജീവൻ നല്ല പോർ പൊരുതുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നിത്യജീവനില്ലെങ്കിൽ നാം ഒന്നുമല്ല.
  - സഭയുടെ അധഃപതനത്തിന്റെ താഴോട്ടുള്ള പ്രവണതയെ അഭിമുഖീകരിക്കുന്നതിനും, സഭയെ സംബന്ധിച്ച ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുവാനും, സഭയിൽ നല്ല ക്രമം നിലനിർത്തുന്നതിനും, ഈ ജീവൻ ഒരു മുൻഉപാധിയാണ്.
- **സാത്താനും അന്ധകാര രാജ്യത്തിനും എതിരായി നല്ല പോർ നാം പൊരുതണം**
  - നാം നല്ല പോർ പൊരുതുകയും, പിശാചിന്റെ കോട്ടകളെ മറിച്ചിടുകയും, തടവിലാക്കപ്പെട്ട മനുഷ്യന്റെ ചിന്തകളെ ക്രിസ്തുവിന്റെ അനുസരണത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ദൈവത്തിന്റെ ഭടന്മാരായിരിക്കണം
- **സത്യത്തിനു വേണ്ടി നല്ല പോർ നാം പൊരുതണം**
  - സത്യം തന്റെ വചനത്തോടുകൂടെയുള്ള ത്രിയേക ദൈവമാണ്
  - ദിവ്യ സത്യം സമ്പൂർണമാണ്, സത്യത്തിനുവേണ്ടി നാം സമ്പൂർണരായിരിക്കുകയും സത്യത്തിന്റെ സമ്പൂർണത ഉയർത്തിപ്പിടിക്കുകയും വേണം
  - നാം ദൈവത്തിന്റെ സത്യത്തെ മാനിക്കുകയും, സത്യത്തിന്റെ വഴി സ്വീകരിക്കുകയും,, സത്യത്തോട് ഒരു തരത്തിലും വിട്ടുവീഴ്ച ചെയ്യാതിരിക്കുകയും വേണം
  - സത്യം നമ്മിലേക്ക് പണിതുചേർക്കപ്പെടുകയും നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെടുകയും വേണം
  - നാം ഇപ്പോഴുള്ള സത്യത്തിനും ഏറ്റവും ഉയർന്ന സത്യത്തിനും വ്യക്തിനിഷ്ഠമായ സത്യങ്ങൾക്കും വേണ്ടി സമ്പൂർണരായിരിക്കണം
  - നാം എവിടെ ആയിരിക്കുന്നുവോ അതിനെക്കാൾ ഉയർന്ന കാര്യങ്ങൾ പഠിപ്പിക്കുവാനും പ്രസംഗിക്കുവാനും നാം പഠിക്കണം
  - ദിവ്യ വ്യവസ്ഥയുടെ പരിണതിക്കുവേണ്ടി നാം ഇപ്പോഴുള്ള സത്യത്തിനും ഏറ്റവും ഉയർന്ന സത്യത്തിനും വ്യക്തിനിഷ്ഠമായ സത്യങ്ങൾക്കും വേണ്ടി സമ്പൂർണരായിരിക്കണം